ātma
book with a soul

# അനിത
# രസാധാ
# രണം



എഡിറ്റർ
ഡോ. അശോക് ഡിക്രൂസ്

# അനിതരസാധാരണം

എഡിറ്റർ

**ഡോ. അശോക് ഡിക്രൂസ്**

ആത്മ ബുക്സ്, കോഴിക്കോട്
പുസ്തകലോകം, കല്ലായി, കോഴിക്കോട്

Malayalam
Anitharasadharanam
(Study)
Editor: Dr. Ashok D'cruz
Copyright: Editor

Layout: Sheeja M
Cover Design: Lijeesh M.

First Published: March 2023
ISBN: 978-93-93969-94-1
₹440

Pusthakalokam
SRA, A - 51, Ward 38
Kallai, Kozhikode - 673 003
Phone: +918848663483, +919496105082

Printed, Published by:

atma®

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# മാനവവികസനറിപ്പോർട്ടുകളുടെ പ്രമേയപരമായ വിശകലനം

ഡോ. ശ്രീജ വി.

ഐക്യരാഷ്ട്രസംഘടനയുടെ ഘടകമായ ഐക്യരാഷ്ട്രവികസന പദ്ധതി (UNDP) വർഷംതോറും പ്രസിദ്ധീകരിക്കുന്ന മാനവവികസനറിപ്പോർട്ടുകൾ (Human Development Report) പൊതുവെ പഠനവിധേയമാക്കപ്പെടുന്നത് അതിലുൾപ്പെടുത്തിയിട്ടുള്ള മാനവവികസനസൂചിക (Human Development Index) യുടെയും അനുബന്ധസൂചികകളുടെയും അടിസ്ഥാനത്തിലാണ്. ലോകരാഷ്ട്രങ്ങളുടെ മാനവവികസനം അടിസ്ഥാനമാക്കിയുള്ള താരതമ്യത്തിനും സ്വയംവിലയിരുത്തലിനുമുള്ള ആധികാരിക വിവരം എന്ന നിലയിൽ ഈ സൂചികകളും അവ അടിസ്ഥാനമാക്കിയുള്ള ക്രമവും ചർച്ചചെയ്യപ്പെടാറുണ്ട്. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായി പ്രസ്തുത റിപ്പോർട്ടുകൾ അവതരിപ്പിക്കുന്ന പ്രമേയങ്ങളെ പരിചയപ്പെടുത്താനും വിശകലനം ചെയ്യാനുമാണ് ഈ ലേഖനം ലക്ഷ്യമിടുന്നത്. 2011 മുതൽ 2020 വരെ UNDP പ്രസിദ്ധീകരിച്ചിട്ടുള്ള മാനവവികസനറിപ്പോർട്ടുകൾ മുന്നോട്ടുവെച്ച പ്രമേയങ്ങളും അവയുടെ സാമൂഹികപ്രസക്തിയും വിലയിരുത്താൻ ഇതിലൂടെ ശ്രമിക്കുന്നു.

## മാനവവികസനം എന്ന ആശയം

വികസനത്തിന്റെ പരമ്പരാഗത സങ്കൽപ്പമനുസരിച്ച് രാജ്യത്തിന്റെ വളർച്ചയുടെ അളവുകോൽ സാമ്പത്തികസൂചകങ്ങളാണ്. കാലാന്തരത്തിൽ സാമ്പത്തികാടിസ്ഥാനത്തിലുള്ള വികസനകാഴ്ചപ്പാടിന്റെ പരിമിതികൾ തിരിച്ചറിഞ്ഞ് വികസനത്തിന്റെ തിട്ടപ്പെടുത്തലുമായി ബന്ധപ്പെട്ട പുതിയരീതികൾ രൂപംകൊണ്ടു. ഇങ്ങനെ രൂപംകൊണ്ട താരതമ്യേന പുതിയസമീപനമാണ് മാന

വവികസനം. ദേശീയവരുമാനം തിട്ടപ്പെടുത്തുന്നതിലുപരിയായി മനുഷ്യവിഭവത്തിന്റെ ഗുണമേന്മയിലേക്ക് വികസനസാമ്പത്തിക ശാസ്ത്രത്തിന്റെ ശ്രദ്ധകേന്ദ്രീകരിക്കുക എന്ന വ്യക്തമായ ലക്ഷ്യത്തോടെയാണ് ഇത് അവതരിപ്പിക്കപ്പെട്ടത്. വികസനത്തിന്റെ കാര്യത്തിൽ സമഗ്രമായ ഒരു സമീപനം ആവിഷ്ക്കരിക്കുക എന്ന ലക്ഷ്യമാണ് മാനവവികസനത്തിനുള്ളത്.

സെന്നിന്റെ നിരീക്ഷണത്തിൽ മനുഷ്യന്റെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അല്ലെങ്കിൽ അവസരം വർദ്ധിപ്പിക്കുന്ന പ്രക്രിയയാണ് വികസനം (മാനവവികസനറിപ്പോർട്ട്, 1990). മാനവവികസനം ഒരേസമയം ഒരു പ്രക്രിയ (Process)യും ഒരു പരിണിതഫല (Outcome)വുമാണ്. അതായത് മാനവവികസനം ഒരേസമയം തെരഞ്ഞെടുക്കൽ സ്വാതന്ത്ര്യത്തെ വിപുലീകരിക്കുന്ന പ്രക്രിയയും, അത്തരത്തിൽ വിപുലീകരിക്കപ്പെട്ട തെരഞ്ഞെടുക്കൽ സ്വാതന്ത്ര്യത്തിന്റെ ഗുണഫലവുമാണ്. ഇവിടെ നേരിടുന്ന ഗൗരവമേറിയ രണ്ടുപ്രശ്നങ്ങൾ കാര്യശേഷിയുടെ (Capabiltiy) വികസനവും അതുപയോഗിച്ച് പ്രവർത്തിക്കാനുള്ള അവസരങ്ങൾ (Opportunities) സൃഷ്ടിക്കലുമാണ്. നല്ല ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം, നൈപുണീവികസനം എന്നിവയിലൂടെയാണ് മനുഷ്യന്റെ കാര്യശേഷി വർദ്ധിക്കുന്നത്. എന്നാൽ അവസരങ്ങളുണ്ടെങ്കിൽ മാത്രമേ കാര്യശേഷി പ്രയോജനപ്പെടുത്താനാകൂ. ഇതിനായി സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ രംഗങ്ങളിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടേണ്ടത് അനിവാര്യമാണ്. ഒരു വ്യക്തിയുടെ പ്രവർത്തനങ്ങളെയും, പ്രവർത്തിക്കാനുള്ള കഴിവിനെയും വർദ്ധിപ്പിക്കുന്ന, ആ വ്യക്തിക്ക് ജീവിതത്തിൽ ചെയ്യാൻ സാധിക്കുന്ന, ആർജ്ജിക്കാൻ കഴിയുന്ന കാര്യങ്ങളുടെ വ്യാപ്തി വിപുലീകരിക്കുന്നതിലൂടെയാണ് ഒരു രാഷ്ട്രം വികസിക്കുന്നത്. ചുരുക്കത്തിൽ മാനവവികസനത്തെ ഒരു സമവാക്യമായി ആവിഷ്ക്കരിക്കുകയാണെങ്കിൽ ഇടതുവശത്ത് മനുഷ്യന്റെ കാര്യശേഷിയെയും, വലതുവശത്ത് അതുപയോഗപ്പെടുത്തുന്ന അവസരങ്ങളെയും രേഖപ്പെടുത്താം.

ആരോഗ്യകരമായ ജീവിതം, അടിസ്ഥാനവിദ്യാഭ്യാസം, ജീവിതനിലവാരം നിലനിർത്താനുള്ള വിഭവലഭ്യത എന്നിവ ഉറപ്പാക്കിയാൽ മാത്രമേ വികസനം പൂർണ്ണമാകൂ. സാധനങ്ങളുടെയും സേവനങ്ങളുടെയും ഉപഭോഗം, സാംസ്കാരിക സ്വാതന്ത്ര്യം, സമൂ

ഹത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും, പ്രത്യേകിച്ച് ദരിദ്രരിൽ ദരിദ്രരായവർക്കും അടിസ്ഥാന ആവശ്യങ്ങൾക്കുള്ള ഉൽപ്പാദനത്തിനും സാമൂഹികമായി അർത്ഥവത്തായ ജീവിതത്തിനുമുള്ള പ്രാപ്യത എന്നിവയെല്ലാം മാനവവികസനസമീപനത്തിൽ പരിഗണിക്കപ്പെടുന്ന ഘടകങ്ങളാണ്. ഉയർന്ന വളർച്ചാനിരക്കോ, ആളോഹരി വരുമാനമോ മാത്രമല്ല മാനവവികസനത്തിന്റെ അളവുകോൽ, മറിച്ച് മെച്ചപ്പെട്ട ആരോഗ്യപരിപാലനത്തിന്റെയും, പോഷകാഹാരത്തിന്റെയും ലഭ്യത, ഉയർന്നതലത്തിലുള്ള അറിവിന്റെ ലഭ്യത, കൂടുതൽ സുരക്ഷിതമായ പാർപ്പിടസൗകര്യങ്ങൾ, മികച്ച തൊഴിൽ സാഹചര്യങ്ങൾ, സാമൂഹികസുരക്ഷിതത്വം, സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടാനുള്ള കഴിവ് മുതലായവ മാനവവികസനം അളക്കുന്നതിനുള്ള വിവിധ ഘടകങ്ങളാണ്.

1990ലെ ആദ്യ റിപ്പോർട്ടു മുതൽ ഐക്യരാഷ്ട്രവികസനപദ്ധതി (UNDP) പ്രസിദ്ധീകരിക്കുന്ന മാനവവികസനറിപ്പോർട്ടും മാനവവികസനസൂചികയും നയരൂപകർത്താക്കൾക്കിടയിലും അക്കാദമികവൃത്തത്തിലും മാധ്യമങ്ങളിലും പൊതുജനങ്ങൾക്കിടയിലും ശ്രദ്ധിക്കപ്പെട്ടു. സാമ്പത്തികഘടകങ്ങൾ മാത്രം പരിഗണിച്ചുകൊണ്ടുള്ള മൊത്ത ആഭ്യന്തര ഉൽപ്പന്നം, മൊത്ത ദേശീയ ഉൽപ്പന്നം, പ്രതിശീർഷവരുമാനം എന്നിവയ്ക്കു ബദലായി സാമൂഹികഘടകങ്ങൾക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള മാനവവികസനസൂചികയ്ക്ക് വലിയ സ്വീകാര്യതയാണ് ലഭിച്ചത്. ആരോഗ്യം, വിദ്യാഭ്യാസം, വരുമാനം എന്നിവയിലുള്ള നേട്ടങ്ങളുടെ ശരാശരിയായി വികസനത്തെ അവതരിപ്പിക്കുന്ന അതിന്റെ ലാളിത്യം മാനവവികസനസൂചികയുടെ ജനകീയത വർദ്ധിപ്പിച്ചു. വികസനം സാമ്പത്തികവളർച്ച മാത്രമല്ല എന്ന സന്ദേശവും അതുയർത്തിപ്പിടിച്ചു. എന്നാൽ ഈ ലാളിത്യം പലപ്പോഴും വിമർശനങ്ങൾക്കും കാരണമായിട്ടുണ്ട്. തന്മൂലം മാനവവികസനസൂചിക തയ്യാറാക്കുന്നതിന്റെ രീതിശാസ്ത്രം പലപ്പോഴായി യു.എൻ.ഡി.പി. മെച്ചപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല മാനവവികസനസൂചികയുടെ പോരായ്മകൾ മറികടക്കുന്നതിന് പല അനുബന്ധസൂചികകളും പിന്നീട് വികസിപ്പിക്കുകയുണ്ടായി. 1990 മുതൽ 2020 വരെ 28 റിപ്പോർട്ടുകളാണ് ഇത്തരത്തിൽ യു.എൻ.ഡി.പി. പ്രസിദ്ധീകരിച്ചിട്ടുള്ളത്. അതതുകാലഘട്ടത്തിൽ പ്രസക്തമായ ഒരു പ്രമേ

യത്തെ അടിസ്ഥാനമാക്കിയാണ് റിപ്പോർട്ടുകളെല്ലാം തയ്യാറാക്കിയിട്ടുള്ളത്. വിവിധവർഷങ്ങളിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളുടെ പ്രമേയം പട്ടിക 1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 1**

**വിവിധവർഷങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മാനവവികസന റിപ്പോർട്ടുകളുടെ പ്രമേയങ്ങൾ**

| ക്രമ നമ്പർ | വർഷം | പ്രമേയം ഇംഗ്ലീഷിൽ | പ്രമേയം മലയാളത്തിൽ |
|---|---|---|---|
| 1 | 1990 | Concept and Measurement of Human Development | മാനവവികസനം: ആശയവും തിട്ടപ്പെടുത്തലും |
| 2 | 1991 | Financing Human Development | മാനവവികസനത്തിന്റെ സാമ്പത്തികപരിപാലനം |
| 3 | 1992 | Global Dimensions of Human Development | മാനവവികസനത്തിന്റെ ആഗോളതലങ്ങൾ |
| 4 | 1993 | People's Participation | ജനപങ്കാളിത്തം |
| 5 | 1994 | New Dimensions of Human Securtiy | മാനവസുരക്ഷയുടെ പുതിയതലങ്ങൾ |
| 6 | 1995 | Gender and Human Development | ലിംഗപദവിയും മാനവവികസനവും |
| 7 | 1996 | Economic Growth and Human Development | സാമ്പത്തികവളർച്ചയും മാനവവികസനവും |
| 8 | 1997 | Human Development to Eradicate Povetry | മാനവവികസനം ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി |
| 9 | 1998 | Consumption for Human Development | ഉപഭോഗം മാനവവികസനത്തിനായി |
| 10 | 1999 | Globalistion with a Human Face | മാനവികമുഖത്തോടെയുള്ള ആഗോളവൽക്കരണം |
| 11 | 2000 | Human Rights and Human Development | മനുഷ്യാവകാശങ്ങളും മാനവവികസനവും |

| ക്രമ നമ്പർ | വർഷം | പ്രമേയം ഇംഗ്ലീഷിൽ | പ്രമേയം മലയാളത്തിൽ |
|---|---|---|---|
| 12 | 2001 | Making New Technologies work for Human Development | മാനവവികസനത്തിനു വേണ്ടി പ്രവർത്തിക്കുന്ന പുതിയസാങ്കേതികവിദ്യകളുടെ രൂപീകരണം |
| 13 | 2002 | Deepening Democracy in a Fragmented world. | വിഭജിതലോകത്ത് ജനാധിപത്യത്തിന്റെ ആഴം വർധിപ്പിക്കൽ |
| 14 | 2003 | Millennium Development Goals: A Compact among Nations to End Human Povetry | നൂറ്റാണ്ടിന്റെ വികസനലക്ഷ്യങ്ങൾ: ദാരിദ്ര്യം അവസാനിപ്പിക്കുന്നതിനായി രാഷ്ട്രങ്ങൾക്കിടയിലെ ഒരു ഉടമ്പടി. |
| 15 | 2004 | Cultural Libetry in Today's Diverse World | സാംസ്കാരിക സ്വാതന്ത്ര്യം ഇന്നത്തെ വൈവിധ്യമാർന്നലോകത്ത് |
| 16 | 2005 | International Cooperation at a Crossroads: Aid, Trade and Securtiy in an Unequal World. | അന്താരാഷ്ട്ര സഹകരണം നാൽക്കവലയിൽ: അസന്തുലിത ലോകത്തെ സഹായം, വ്യാപാരം, സുരക്ഷ |
| 17 | 2006 | Beyond Scarctiy: Power, Povetry and Global Water Crisis | ദൗർലഭ്യത്തിനപ്പുറം; ഊർജ്ജം, ദാരിദ്ര്യം, ആഗോളജലപ്രതിസന്ധി |
| 18 | 2007/08 | Fighting Climate Change: Human Solidartiy in a Divided World. | കാലാവസ്ഥാവ്യതിയാനത്തിനെതിരായ പോരാട്ടം: വിഭജിതലോകത്തെ മാനവ ഐക്യദാർഢ്യം |
| 19 | 2009 | Overcoming Barriers: Human Mobiltiy and Development | പ്രതിസന്ധിമറികടക്കൽ: മാനവിക ചലനാത്മകതയും വികസനവും |
| 20 | 2010 | The Real Wealth of Nations: Pathways to Human Development. | രാഷ്ട്രങ്ങളുടെ യഥാർത്ഥ സമ്പത്ത് മാനവവികസനത്തിലേക്കുള്ള ഊടുവഴികൾ |

| ക്രമ നമ്പർ | വർഷം | പ്രമേയം ഇംഗ്ലീഷിൽ | പ്രമേയം മലയാളത്തിൽ |
|---|---|---|---|
| 21 | 2011 | Sustainabiltiy and Equtiy: A Better Future for All | സുസ്ഥിരതയും നീതിയും എല്ലാവർക്കും ഒരു മികച്ചഭാവി |
| 22 | 2013 | The Rise of the South: Human Progress in a Diverse World | തെക്കിന്റെ ഉദയം: വൈവിധ്യമാർന്ന ലോകത്തെ മാനവപുരോഗതി |
| 23 | 2014 | Sustaining Human Progress: Reducing Vulnerabilities and Building Resilience | സ്ഥായിയായ മാനവപുരോഗതി: അരക്ഷിതാവസ്ഥയുടെ ലഘുകരണവും പുനരുജ്ജീവനശേഷി രൂപപ്പെടുത്തലും |
| 24 | 2015 | Work for Human Development | മാനവവികസനത്തിനായി പ്രവർത്തിക്കുക |
| 25 | 2016 | Human Development for Everyone | മാനവവികസനം എല്ലാവർക്കും |
| 26 | 2018 | Human Development Indices and Indicators | മാനവവികസനസൂചികകളും സൂചകങ്ങളും |
| 27 | 2019 | Human Development Report Beyond Income, Beyond Averages, Beyond Today: Inequalities in Human Development in the 21st Century | വരുമാനത്തിനപ്പുറം, ശരാശരികൾക്കപ്പുറം, ഇന്നിനപ്പുറം: മാനവവികസനത്തിലെ അസമത്വങ്ങൾ 21-ാം നൂറ്റാണ്ടിൽ |
| 28 | 2020 | The Next Frontier: Human Development and the Anthropocene | അടുത്ത പരിധി: മാനവവികസനവും നരവംശാധിപത്യകാലവും |

## മാനവവികസനസൂചിക

സാമ്പത്തികവളർച്ചാനിരക്ക് തുല്യമായ രണ്ടു രാജ്യങ്ങളിൽ മാനവവികസനത്തിന്റെ തോത് തുല്യമായിക്കൊള്ളണമെന്നില്ല. സാമ്പത്തിക-സാമൂഹിക വികസനത്തിന്റെ ഗുണഫലങ്ങളുടെ വിതരണത്തിൽ നമുക്ക് എത്രത്തോളം നീതി പുലർത്താനാവുന്നുവോ അത്രയും നേട്ടം മാനവവികസനത്തിലും ഉണ്ടാകുന്നു.

രാഷ്ട്രങ്ങളുടെ മാനവവികസനത്തിന്റെ പ്രതിഫലനമാണ് മാനവവികസനസൂചിക. ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നിങ്ങനെ മൂന്ന് രംഗങ്ങളിൽ ഒരു രാജ്യത്തെ ജനങ്ങളാർജ്ജിച്ച നേട്ടങ്ങളുടെ സംഗ്രഹമാണ് മാനവവികസനസൂചിക. ഇതിൽ ആദ്യത്തെ രണ്ടുഘടകങ്ങൾ സാമൂഹികവും അവസാനത്തേത് സാമ്പത്തികവുമാണ്. ആരോഗ്യസൂചിക തയ്യാറാക്കുന്നതിന് പ്രതീക്ഷിത ആയുർദൈർഘ്യമാണ് കണക്കിലെടുക്കുന്നത്. വിദ്യാഭ്യാസസൂചിക തയ്യാറാക്കുന്നതിന് പ്രതീക്ഷിത സ്കൂൾ വർഷങ്ങളും, ശരാശരി സ്കൂൾ വർഷങ്ങളും കണക്കിലെടുക്കുന്നു. ജീവിതനിലവാരസൂചികയുടെ അടിസ്ഥാനം പ്രതിശീർഷവരുമാനവുമാണ്. ഇതിൽ ആരോഗ്യവും, വിദ്യാഭ്യാസവും സാമൂഹികനേട്ടത്തിൽ ഉൾപ്പെടുമ്പോൾ ജീവിതനിലവാരം സാമ്പത്തികനേട്ടത്തെ സൂചിപ്പിക്കുന്നു. ആരോഗ്യസൂചിക, വിദ്യാഭ്യാസസൂചിക, ജീവിതനിലവാരസൂചിക എന്നിവയുടെ ജ്യാമിതീയ ശരാശരി (Geomteric Mean) യാണ് മാനവവികസനസൂചിക. ഇതിന്റെ മൂല്യം പൂജ്യത്തിനും ഒന്നിനുമിടയിലായിരിക്കും. മാനവവികസനത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രങ്ങളെ പ്രധാനമായും നാലായി തരംതിരിക്കാം.

1. വളരെ ഉയർന്ന മാനവവികസനം ആർജ്ജിച്ചവ (മാനവവികസനസൂചികയുടെ മൂല്യം 0.800 നുമുകളിൽ)
2. ഉയർന്ന മാനവവികസനം ആർജ്ജിച്ചവ (മാനവവികസനസൂചികയുടെ മൂല്യം 0.700– 0.799)
3. ഇടത്തരം മാനവവികസനം ആർജ്ജിച്ചവ (മാനവവികസനസൂചികയുടെ മൂല്യം 0.550– 0.699)
4. കുറഞ്ഞ മാനവവികസനം ആർജ്ജിച്ചവ (മാനവവികസനസൂചികയുടെ മൂല്യം 0.550ൽ താഴെ)

കാലാനുസൃതമായി മാനവവികസനസൂചികയ്ക്കൊപ്പം, അസമത്വ ക്രമീകൃത മാനവവികസനസൂചിക (Inequaltiy Adjusted Human Development Index) ലിംഗപദവിവികസനസൂചിക (Gender Development Index), ലിംഗപദവി അസമത്വ സൂചിക (Gender Inequaltiy Index), ബഹുതല ദാരിദ്ര്യ സൂചിക (Multi Dimensional Povetry Index), എന്നിങ്ങനെയുള്ള അനുബന്ധസൂചികകളും യു. എൻ.ഡി.പി. ഉൾപ്പെടുത്തിയിട്ടുണ്ട്.

മാനവവികസനസങ്കൽപ്പം പ്രധാനമായും നാലുതരം സ്വാതന്ത്ര്യത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്.

1. ആരോഗ്യത്തോടുകൂടിയുള്ള ദീർഘായുസ്സ്
2. വ്യത്യസ്തതലങ്ങളിലുള്ള അറിവ്
3. മെച്ചപ്പെട്ട ജീവിതനിലവാരം പുലർത്താനുള്ള ഭൗതിക സ്രോതസ്സുകൾ
4. സാമൂഹികജീവിതത്തിലും കൂട്ടായപ്രവർത്തനങ്ങളിലുമുള്ള സ്വതന്ത്ര പങ്കാളിത്തം

മികച്ച സാമ്പത്തികവളർച്ചയുള്ള ഒരു സമ്പദ്ഘടനയിൽ അതിനനുസൃതമായി ജനങ്ങളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടണമെന്നില്ല. അതേസമയം ആളോഹരി വരുമാനം കുറഞ്ഞ ചില രാജ്യങ്ങളിൽ ഉയർന്നതലത്തിലുള്ള മാനവവികസനം സാധ്യമായിട്ടുമുണ്ട്. വിഭവങ്ങളെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രയോജനപ്പെടുത്തുന്നതിലൂടെയാണ് ഈ രാജ്യങ്ങൾ മേൽപ്പറഞ്ഞനേട്ടങ്ങൾ കൈവരിച്ചിരിക്കുന്നത്.

1990 മുതൽ 2020 വരെ പ്രസിദ്ധീകരിക്കപ്പെട്ട 28 റിപ്പോർട്ടുകളും പ്രസക്തമായ നിരവധി പ്രമേയങ്ങളാണ് കൈകാര്യം ചെയ്തിട്ടുള്ളത്. 2011 മുതൽ 2020 വരെ 8 റിപ്പോർട്ടുകളാണ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. ഈ റിപ്പോർട്ടുകളിലെ പ്രമേയങ്ങളാണ് ഇനി വിശകലനം ചെയ്യുന്നത്. പ്രമേയവും റിപ്പോർട്ടിന്റെ വർഷവുമാണ് ഉപശീർഷകങ്ങളായി നൽകിയിരിക്കുന്നത്.

## സുസ്ഥിരതയും നീതിയും എല്ലാവർക്കും ഒരു മികച്ച ഭാവി (2011)

സുസ്ഥിരവും നീതിപൂർവകവുമായ വികസനത്തിന്റെ വെല്ലുവിളികളാണ് ഈ റിപ്പോർട്ട് വിശകലനം ചെയ്യുന്നത്. പാരിസ്ഥിതിക അപചയം പ്രതികൂലപ്രഭാവങ്ങളിലൂടെ താഴെക്കിടയിലുള്ള ആളുകളുടെ അസമത്വം വർദ്ധിപ്പിക്കുന്നു, മാനവവികസനത്തിലെ അസമത്വം എങ്ങനെ പാരിസ്ഥിതിക അപചയത്തെ തീവ്രമാക്കുന്നു. തുടങ്ങിയകാര്യങ്ങളാണ് റിപ്പോർട്ട് പരിശോധനയ്ക്ക് വിധേയമാക്കുന്നത്. ആളുകളുടെ തെരഞ്ഞെടുക്കൽ സ്വാതന്ത്ര്യം വിപുലീകരിക്കുന്ന പ്രക്രിയയാണ് മാനവവികസനം. പങ്കുവെക്കപ്പെടേണ്ട പ്രകൃതി വിഭവങ്ങളാണ് ഈ വളർച്ചയുടെ അടിസ്ഥാനം.

മാനവവികസനം പ്രോത്സാഹിപ്പിക്കപ്പെടണമെങ്കിൽ പ്രാദേശികവും, ദേശീയവും, അന്തർദേശീയവുമായ സുസ്ഥിരതയെ അഭിമുഖീകരിക്കേണ്ടതുണ്ട്. സുസ്ഥിരതയും നീതിയും ഉറപ്പാക്കാനായാൽ മാത്രമേ ദരിദ്രജനവിഭാഗങ്ങളുടെ മനവവികസനം മെച്ചപ്പെടുത്താനാകൂ. വിതരണതുല്യതയുമായി ബന്ധപ്പെട്ട സുസ്ഥിരത, നീതി തുടങ്ങിയ ആശയങ്ങൾ പരസ്പരാശ്രിതമാണ്. സുസ്ഥിരതയ്ക്ക് മൂല്യം നൽകുന്നതെന്തിനെന്നാൽ ആളുകൾ ഇന്നനുഭവിക്കുന്ന അതേ അവസരങ്ങളെങ്കിലും ഭാവിതലമുറയ്ക്ക് ലഭിക്കേണ്ടതുണ്ട്. അതുപോലെ നീതി ഉറപ്പാക്കാനായാൽ മാത്രമേ ഗുണഫലങ്ങളുടെ മെച്ചപ്പെട്ട വിതരണത്തിന് അവസരമുണ്ടാകൂ. തലമുറകൾക്കകത്തും തലമുറകൾക്കിടയിലുമുള്ള നീതി ഉറപ്പാക്കേണ്ടതുണ്ട്.

പരിസ്ഥിതിയും ജീവിതനിലവാരവും തമ്മിൽ നേരിട്ടുള്ള ബന്ധമാണ് ഉള്ളത്. എന്നാൽ സമീപകാലത്തെ പാരിസ്ഥിതിക പ്രവണതകൾ സൂചിപ്പിക്കുന്നത് പാരിസ്ഥിതിക അപചയങ്ങൾ മാനവവികസനത്തെ ദോഷകരമായി ബാധിക്കുന്നു എന്നാണ്. പ്രകൃതിവിഭവങ്ങളെ ഉപജീവനത്തിനായി ആശ്രയിക്കുന്ന ജനസമൂഹങ്ങളെയാണ് ഇത് ഏറെ ദോഷകരമായി ബാധിക്കുന്നത്. പാരിസ്ഥിതികമായ അപചയം ആളുകളുടെ കാര്യശേഷിയെ സാരമായി ബാധിക്കുന്നു. വരുമാനം, ഉപജീവനമാർഗങ്ങൾ എന്നിവയ്ക്കുപുറമെ ആരോഗ്യം, വിദ്യാഭ്യാസം, ക്ഷേമം തുടങ്ങിയവയെയും ബാധിക്കുന്നു. 10 ശതമാനം ആളുകൾ പ്രതികൂലമായ കാലാവസ്ഥയുടെ ദോഷഫലങ്ങൾ അനുഭവിക്കുന്ന ഒരു രാജ്യത്ത് മാനവവികസനസൂചികയിൽ 2% കുറവ് സംഭവിക്കുമെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

പരിസ്ഥിതിയെ അമിതമായി ആശ്രയിക്കാതെ മെച്ചപ്പെട്ട ജീവിതം സാധ്യമാക്കുന്ന ബദലുകൾ പ്രയോജനപ്പെടുത്തണം. പാരിസ്ഥിതികനയങ്ങളെ വിലയിരുത്തുന്ന പരമ്പരാഗതരീതികൾ വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ പരിഗണിക്കാത്തവയാണ്. നീതിയും ഉൾച്ചേർക്കലും, ഹരിതസാമ്പത്തികനയങ്ങളുടെ ലക്ഷ്യങ്ങളുടെ ഭാഗമാകേണ്ടതുണ്ട്. അത്തരത്തിൽ ഒരു ആഗോള അജണ്ട ഉണ്ടാകേണ്ടതുണ്ട്. സുസ്ഥിരതയും അതോടൊപ്പം നീതിയും ഉറപ്പാക്കാനായാൽ മാത്രമേ മാനവവികസനത്തിലെ നേട്ടം നിലനിർത്താനാകൂ.

## തെക്കിന്റെ ഉദയം: വൈവിധ്യമാർന്ന ലോകത്തെ മാനവ പുരോഗതി (2013)

പ്രാദേശികമായ സാഹചര്യങ്ങളെയും അവസരങ്ങളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് മാതൃകാപരമായ നേട്ടം ദക്ഷിണ രാഷ്ട്രങ്ങൾ ആർജ്ജിച്ചെടുത്തിട്ടുണ്ട്. ഭരണകൂടങ്ങളുടെ വികസനത്തിലുള്ള പങ്ക് തിരിച്ചറിഞ്ഞ് വിദ്യാഭ്യാസം, സാമൂഹിക ക്ഷേമം എന്നിവയിലൂടെ മാനവവികസനം ആർജ്ജിക്കാനാണ് ഈ രാഷ്ട്രങ്ങൾ ശ്രമിച്ചത്. തുറന്നവ്യാപാരവും നൂതനമായ ആശയങ്ങളും, കണ്ടുപിടുത്തങ്ങളും അവയെ പിന്തുണച്ചിട്ടുണ്ട്. കഴിഞ്ഞ ദശകങ്ങളിൽ മാനവവികസനത്തിന്റെ കാര്യത്തിൽ വികസ്വരരാഷ്ട്രങ്ങൾക്കിടയിൽ നല്ലമാറ്റങ്ങൾ പ്രകടമാണ്. എന്നാൽ ഇതിൽ തന്നെ ചിലരാഷ്ട്രങ്ങൾ കൂടുതൽ മെച്ചപ്പെട്ട മാറ്റത്തിനുവിധേയമായിട്ടുണ്ട്. ബ്രസീൽ, ചൈന, ഇന്ത്യ, ഇന്തോനേഷ്യ, സൗത്ത് ആഫ്രിക്ക, തുർക്കി തുടങ്ങിയ രാഷ്ട്രങ്ങൾക്കു പുറമെ ബംഗ്ലാദേശ്, ചിലി, ഗാന, മൗറീഷ്യസ്, റുവാണ്ട, ടുണീഷ്യ തുടങ്ങിയ ചെറിയ തുടങ്ങിയ ചെറിയ സമ്പദ്ഘടനകളും ഈ നേട്ടത്തിന്റെ ഭാഗമായിട്ടുണ്ട്. തെക്കിന്റെ ഈ വളർച്ചയുടെ വ്യാപ്തിയും വേഗതയും വളരെ വലുതായിരുന്നു. ചൈനയിലെയും ഇന്ത്യയിലെയും പ്രതിശീർഷ ഉൽപ്പന്നം 20 ൽ താഴെ വർഷങ്ങൾക്കൊണ്ടാണ് ഇരട്ടിയായത്. വാങ്ങൽശേഷി തുല്യതയുടെ അടിസ്ഥാനത്തിൽ 2020 ഓടെ ബ്രസീൽ, ചൈന, ഇന്ത്യ എന്നീ രാഷ്ട്രങ്ങൾ ലോക ഉൽപ്പാദനത്തിന്റെ 40 ശതമാനത്തോളം സംഭാവന ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു. എങ്കിലും, വടക്കൻ രാഷ്ട്രങ്ങളും തെക്കൻ രാഷ്ട്രങ്ങളും നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, വരുമാനം എന്നിവയിലുള്ള വ്യക്തിഗതനേട്ടങ്ങൾ അത്യാവശ്യമാണെങ്കിലും മാനവവികസനത്തിന്റെ പുരോഗതി നിലനിർത്തണമെങ്കിൽ വ്യക്തിഗതനേട്ടങ്ങളെ തടയിടുന്ന സാമൂഹികസാഹചര്യങ്ങളെ തടയിടേണ്ടതുണ്ട്. ആഗോളസമ്പദ്ഘടനയുടെ ക്രമേണയുള്ള സംയോജനം, ആളുകൾ, സ്ഥാപനങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ എന്നിവയിലുള്ള നിക്ഷേപവും ഇതിന് ഫലപ്രദമായിരിക്കും.

വികസനലക്ഷ്യങ്ങളുള്ള സനദ്ധ ഭരണകൂടങ്ങൾ, ആഗോള വിപണിയിലെ സാന്നിദ്ധ്യം വർദ്ധിപ്പിക്കൽ, നിശ്ചയദാർഢ്യത്തോടെയുള്ള നൂതന സാമൂഹികനയങ്ങൾ എന്നിവയാണ് ദക്ഷിണ

രാഷ്ട്രങ്ങളുടെ വളർച്ചയ്ക്ക് ആക്കം കൂട്ടിയത്. അടിസ്ഥാനസൗകര്യങ്ങളിലുള്ള നിക്ഷേപം മാത്രമല്ല, ആരോഗ്യത്തിലും വിദ്യാഭ്യാസത്തിലുമുള്ള പൊതുനിക്ഷേപവും മാനവവികസനത്തിന് അത്യവശ്യമാണ്. ആളുകളുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന പ്രക്രിയകളിൽ അർത്ഥപൂർണ്ണമായി പങ്കെടുക്കാൻ ആളുകൾക്ക് കഴിഞ്ഞാൽ മാത്രമേ സുസ്ഥിരവും ആഗ്രഹിക്കുന്ന തരത്തിലുമുള്ള മാനവവികസനം സാധ്യമാകൂ.

## സ്ഥായിയായ മാനവപുരോഗതി: അരക്ഷിതാവസ്ഥ (Vulnerabiltiy) യുടെ ലഘൂകരണവും പുനരുജ്ജീവന ശേഷി (Resilience) രൂപപ്പെടുത്തലും (2014)

മനുഷ്യവികസനത്തിന്റെ നേട്ടങ്ങളെ അവയുടെ നിലനിൽപ്പിനെ ഇല്ലാതാക്കുന്ന സ്ഥിതിവിശേഷമാണ് വൾനറബിലിറ്റി. ഒരു വ്യക്തി, രാഷ്ട്രം അല്ലെങ്കിൽ സമൂഹം മോശം അവസ്ഥയിലേക്ക് കൂപ്പുകുത്തുന്നത് അവരുടെ സാഹചര്യങ്ങളെയും നേട്ടങ്ങളെയും ദോഷകരമായി ബാധിക്കുന്ന അപകടസാധ്യതകൾ നിലനിൽക്കുന്നതുകൊണ്ടാണ്. അനിശ്ചിതത്ത്വം നിറഞ്ഞ ഒരു ലോകത്താണ് നാം ജീവിക്കുന്നത് അതുകൊണ്ടതൺുതന്നെ ഈ അപകടസാധ്യതകളെ പൂർണ്ണമായി ഒഴിവാക്കുക സാധ്യമല്ല. ധനികനോ, ദരിദ്രനോ ആകട്ടെ എല്ലാവ്യക്തികളും ഏതെങ്കിലും തരത്തിലുള്ള അപകടങ്ങൾ നേരിടുന്നവരാണ്. ഈ ആഘാതങ്ങളെല്ലാം പല രീതിയിൽ, പലദിശകളിൽ നിന്ന് വരുന്നവയാണ്. ഉദാഹരണത്തിന്, പരസ്ഥിതിയിൽ വരുന്ന മാറ്റങ്ങൾ പ്രകൃതിദുരന്തങ്ങൾക്കു കാരണമാകുന്നു, സമ്പദ്‌വ്യവസ്ഥയിലെ പ്രശ്നങ്ങൾ തൊഴിലില്ലായ്മയ്ക്കും മാന്ദ്യത്തിനും കുറഞ്ഞ വ്യാപാരഅനുപാതത്തിനും കാരണമാകുന്നു. ആരോഗ്യപ്രശ്നങ്ങളും പകർച്ചവ്യാധികളും ചികിത്സാചെലവുകൾ വർദ്ധിപ്പിക്കുന്നു, യുദ്ധങ്ങളും ആഭ്യന്തര പ്രശ്നങ്ങളും അരക്ഷിതാവസ്ഥയിലേക്ക് നയിക്കുന്നു, ഇവയെല്ലാം മനുഷ്യവികസനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു.

ഒരേ ആഘാതങ്ങൾ എല്ലാവരെയും ബാധിക്കുന്നത് ഒരു പോലെയല്ല. പ്രതികൂല സാഹചര്യങ്ങൾ എത്രത്തോളം മനുഷ്യ വികസനത്തിനു വിഘാതമാകുമെന്നത് അവയുമായി പൊരുത്തപ്പെടാനുള്ള മനുഷ്യന്റെ കഴിവി (Capabiltiy)നെയും അവയെ നേരി

ടാൻ അവനു ലഭിക്കുന്ന പിന്തുണയെയും ആശ്രയിച്ചിരിക്കും. മെച്ചപ്പെട്ടസാഹചര്യങ്ങളിൽ ജീവിക്കുന്നവർക്കു സ്വാഭാവികമായും പൂർവ്വസ്ഥിതിപ്രാപിക്കാനുള്ള നൈസർഗികമായ കഴിവ് (Resilience) കൂടുതലായിരിക്കും. 2014 ലെ മാനവവികസനറിപ്പോർട്ടിന്റെ പ്രമേയം സ്ഥായിയായ മനുഷ്യപുരോഗതി: എളുപ്പത്തിൽ പരുക്കേൽക്കപ്പെടുന്ന അവസ്ഥ കുറച്ചുകൊണ്ടുവരലും പൂർവ്വസ്ഥിതിപ്രാപിക്കാനുള്ള നൈസർഗികമായ കഴിവിനെ പരിപോഷിപ്പിക്കലും (Sustaining Human Progress: Reducing Vulnerabilities and Building Resilience) എന്നാണ്. നിരന്തരമായ ഭീഷണികളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും ഉടലെടുക്കുന്ന പ്രതികൂലാവസ്ഥയെ കുറച്ചുകൊണ്ടുവരുന്നതിൽ വ്യക്തികളുടെ കഴിവുകൾ (Capabilities)ക്കുള്ള പ്രാധാന്യം ഈ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. മാത്രമല്ല, മാറ്റിനിർത്തൽ (Exclusion), വിവേചനം (Discrimination) തുടങ്ങി വൾനറബിലിറ്റിയ്ക്കുകാരണമാകുന്ന അടിസ്ഥാന ഘടകങ്ങളെ എടുത്തുകാട്ടുകയും ചെയ്യുന്നു.

നല്ല വിദ്യാഭ്യാസവും ആരോഗ്യവും ഉള്ള ഉയർന്ന മാനവവികസനം കൈവരിച്ച ഒരു സമൂഹം, പോഷകാഹാരക്കുറവും, നിരക്ഷരതയും അനുഭവിക്കുന്ന ജനവിഭാഗങ്ങളേക്കാൾ പുനരുജ്ജീവനശേഷി (Resilience) പ്രകടമാക്കുമെന്നു തീർച്ചയാണ്. സാഹചര്യങ്ങൾ മോശമാകുമ്പോൾ കൈവശമുള്ള ആസ്തികൾ ഉപയോഗിച്ച് ജീവിതം ക്രമീകരിക്കാൻ ആദ്യത്തെ വിഭാഗത്തിനു സാധിക്കുന്നു. സാഹചര്യങ്ങൾ മാറുമ്പോൾ അതിനനുസൃതമായി നഷ്ടങ്ങൾ കുറയ്ക്കാനും പരമാവധി ക്ഷേമം നിലനിർത്താനുമായി സമ്പന്നർ അവരുടെ ആസ്തികൾ പ്രയോജനപ്പെടുത്തുന്നു. എന്നാൽ പാവപ്പെട്ട വ്യക്തികൾ ഇത്തരം സാഹചര്യങ്ങളെ നേരിടുന്നത് ഭക്ഷണത്തിനോ ആരോഗ്യത്തിനോ കുട്ടികളുടെ വിദ്യാഭ്യാസത്തിനോ ചെലവഴിക്കുന്ന തുകകുറച്ചുകൊണ്ടാണ്. ഇത് അവരെ കൂടുതൽ മോശമായ അവസ്ഥയിലേക്ക് നയിക്കുന്നു. അതുകൊണ്ടുതന്നെ ഇത്തരം വിഭാഗങ്ങളുടെ പുനരുജ്ജീവനശേഷി (Resilience) വർദ്ധിപ്പിക്കുക എന്നതാണ് ഇവയെ അതിജീവിക്കാനുള്ള ഏറ്റവും നല്ല മാർഗം.

വ്യക്തികളുടെ ജീവിതം ആഘാതങ്ങളിൽ തളച്ചിടപ്പെടുമ്പോൾ അവരുടെ കാര്യശേഷിയെ അതു ദോഷകരമായി ബാധിക്കുന്നു. ഭാവിതലമുറകളിൽപോലും ഇതിന്റെ അനന്തരഫലങ്ങൾ

പ്രകടമാകുന്നു. അതുകൊൺണ്ടുതന്നെയാണ് 2014ലെ മനുഷ്യ വികസന റിപ്പോർട്ട് പുനരുജ്ജീവനശേഷി (Resilience) വളർത്തിയെടുക്കുന്നതിന് ഊന്നൽ നൽകുന്നത്. ഒരു ആഘാതത്തിന്റെ ദോഷഫലങ്ങൾ അനുഭവിച്ചതിനുശേഷം പൂർവ്വസ്ഥിതിയിലേക്ക് മടങ്ങിപ്പോകാനുള്ള ഒരു സംവിധാനത്തിന്റെ കഴിവിനെയാണ് പൊതുവെ പുനരുജ്ജീവനശേഷി (Resilience) എന്നു പറയുന്നത്. പുതിയ സാഹചര്യങ്ങളിൽ ആവശ്യമെങ്കിൽ പുതിയ ഉപാധികൾ ഉപയോഗിച്ച് അനുകൂലമായഫലങ്ങൾ സംരക്ഷിക്കുന്നതിനുള്ള വ്യക്തികളുടെയോ, സമൂഹത്തിന്റെയോ കഴിവാണ് സാമൂഹിക പുനരുജ്ജീവനശേഷി (Social Resilience) എന്നറിയപ്പെടുന്നത്.

**അരക്ഷിതാവസ്ഥയെ രണ്ടുരീതിയിൽ നോക്കിക്കാണാം.**

1. ജീവിതചക്രവുമായി ബന്ധപ്പെട്ട അരക്ഷിതാവസ്ഥ (Life cycle vulnerabiltiy)
2. ഘടനാപരമായ അരക്ഷിതാവസ്ഥ (Structural vulnerabiltiy)

വ്യക്തികൾ അവരുടെ ജീവിതത്തിന്റെ വിവിധഘട്ടങ്ങളിൽ നേരിടുന്ന പലതരം ഭീഷണികളെയാണ് ജീവിതചക്രവുമായി ബന്ധപ്പെട്ട അരക്ഷിതാവസ്ഥ എന്നതുകൊൺണ്ട് അർത്ഥമാക്കുന്നത്. ഓരോ പ്രായത്തിലും വ്യക്തികൾ നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തമായിരിക്കും. ഉദാഹരണത്തിന് തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായി ബാധിക്കുന്നത് യുവാക്കളെയാണ്. അടിസ്ഥാനശേഷികൾ വളർത്തിയെടുക്കേണ്ടത് കുട്ടികളിലാണ്. അതുപോലെതന്നെ വാർദ്ധക്യത്തിലാണ് ആരോഗ്യസുരക്ഷയെക്കുറിച്ച് നമ്മൾ കൂടുതൽ ബോധവാൻമാരാകുന്നത്. വാർദ്ധക്യത്തിലാണ് അംഗവൈകല്യത്തിനുള്ള സാധ്യത കൂടുന്നത്. അറുപതോ അതിനുമുകളിലോ പ്രായമുള്ളവരിൽ 46 ശതമാനവും അംഗവൈകല്യമുള്ളവരാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ഘടനാപരമായ അരക്ഷിതാവസ്ഥ വ്യക്തികൾക്ക് സമൂഹത്തിലുള്ള സ്ഥാനത്തെ ആശ്രയിച്ചിരിക്കും. ഒരു വ്യക്തിക്ക് സമൂഹത്തിലുള്ള സ്ഥാനം നിശ്ചയിക്കുന്നത് അയാളുടെ ഗോത്രം, വർഗം, തൊഴിൽ, പദവികൾ തുടങ്ങിയ സവിശേഷതകളാണ്. മറ്റെല്ലാ അർത്ഥത്തിലും തുല്യരാണെങ്കിലും ഘടനാപരമായ മാറ്റങ്ങൾ, അതായത് ഒരു വ്യക്തി ആരാണ്? എവിടെ ജീവിക്കുന്നു?

എന്തുചെയ്യുന്നു? തുടങ്ങിയ കാര്യങ്ങൾ അവർ നേരിടുന്ന വെല്ലുവിളികളുടെ സ്വഭാവത്തിലും തീവ്രതയിലും മാറ്റം വരുത്തുന്നു.

പുനരുജ്ജീവശേഷി വികസിപ്പിക്കുന്നതിനും ആക്രമിക്കപ്പെടുന്ന സ്ഥിതിവിശേഷം ലഘൂകരിക്കുന്നതിനും ഉതകുന്ന നയങ്ങൾ (Policies for Building Resilience and Reducing Vulnerabiltiy) പ്രധാനമായും മൂന്നുനയങ്ങളാണുള്ളത്:

1. ആഘാതങ്ങളെ പ്രതിരോധിക്കൽ (Preventing Shocks)
2. കാര്യശേഷി പരിപോഷിപ്പിക്കൽ (Promoting Capabilities)
3. താൽപ്പര്യങ്ങൾ സംരക്ഷിക്കൽ (Protecting Choices)

ഈ നയങ്ങൾ ഊന്നൽ നൽകേണ്ട വിഷയങ്ങളാണ് പട്ടിക 2ൽ സൂചിപ്പിച്ചിരിക്കുന്നത്.

**പട്ടിക 2**

**അരക്ഷിതാവസ്ഥ ലഘൂകരിക്കുന്നതിനുതകുന്ന നയങ്ങൾ**

| ആഘാതങ്ങളെ പ്രതിരോധിക്കൽ | കാര്യശേഷി പരിപോഷിപ്പിക്കൽ | താൽപ്പര്യങ്ങളെ/ തെരഞ്ഞെടുക്കൽ സ്വാതന്ത്ര്യത്തെ സംരക്ഷിക്കൽ |
|---|---|---|
| • സാമ്പത്തിക ക്രമീകരണങ്ങൾ<br>• കാലാവസ്ഥാ വ്യതിയാന ഉടമ്പടികൾ<br>• ശിശു വികസനം<br>• സ്ഥൂലസാമ്പത്തിക നയങ്ങൾ<br>• പ്രകൃതി ദുരന്തങ്ങളുടെ ഭീക്ഷണി ലഘൂകരിക്കൽ<br>• സാമൂഹിക സൗഹാർദ്ദം | • സാർവ്വത്രിക വിദ്യാഭ്യാസവും, ആരോഗ്യവും ഉറപ്പുവരുത്തൽ<br>• സമ്പൂർണ്ണ വിഭവവിനിയോഗം<br>• ലിംഗ-വർഗ്ഗ സമത്വം ഉറപ്പാക്കൽ<br>• ഉത്തരവാദിത്തമുള്ള സ്ഥാപനങ്ങൾ<br>• ദുരന്തങ്ങൾ നേരിടാൻ സജ്ജമാകൽ | • സാമൂഹിക സുരക്ഷ<br>• തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ<br>• സാമൂഹിക സൗഹാർദ്ദവും, മത്സരക്ഷമതയും വളർത്തിയെടുക്കൽ<br>• കാലാനുസൃതമായി നിയമ സംവിധാനങ്ങളിൽ മാറ്റം വരുത്തി വിവേചനം ഇല്ലാതാക്കൽ<br>• പ്രതിസന്ധികളെയും സംഘർഷങ്ങളെയും അതിജീവിക്കൽ |

തൊഴിൽ, വ്യക്തികൾക്ക് സാമ്പത്തികസുരക്ഷിതത്വവും ഉപജീവനമാർഗവും ഉറപ്പാക്കുന്നു. നീതിപൂർവകമായ സാമ്പത്തിക വളർച്ചയ്ക്കും, ദാരിദ്ര്യനിർമ്മാർജ്ജനത്തിനും, ലിംഗപദവിതുല്യതയ്ക്കും അത് അത്യാവശ്യമാണ്. തൊഴിൽ സാമൂഹികജീവിതത്തിൽ അന്തസ്സോടെ പങ്കെടുക്കാൻ ആളുകളെ പ്രാപ്തരാക്കുന്നു. തൊഴിൽ സമൂഹങ്ങളെ ശക്തിപ്പെടുത്തുന്നു. ആളുകൾ കൂട്ടമായി പ്രവർത്തിക്കുമ്പോൾ ഭൗതികമായ ക്ഷേമം മാത്രമല്ല മെച്ചപ്പെടുന്നത്, അറിവുകളുടെ ഒരു കൂട്ടം തന്നെ രൂപപ്പെടുന്നു. അത് സംസ്കാരങ്ങൾക്കും നാഗരികതയ്ക്കും അടിസ്ഥാനമാകുന്നു. തൊഴിൽ പരിസ്ഥിതി സൗഹൃദമാകുമ്പോൾ അതിന്റെ നേട്ടങ്ങൾ തലമുറകളിലേക്ക് കൈമാറുന്നു. 2015ലെ മാനവവികസനറിപ്പോർട്ട് തൊഴിൽ എങ്ങനെ മാനവവികസനത്തെ പരിപോഷിപ്പിക്കുന്നു എന്നാണ് വിശകലനം ചെയ്യുന്നത്. തൊഴിലിന്റെ സ്വഭാവം മാറുകയും മാനവവികസനവുമായി ബന്ധപ്പെട്ട് നിരവധി വെല്ലുവിളികൾ നിലനിൽക്കുകയും ചെയ്യുന്ന ഒരു സാഹചര്യത്തിലാണ് ഇത്തരമൊരു വിശകലനം നടത്തുന്നത്.

വിശാലമായ അർത്ഥത്തിലാണ് മാനവവികസനറിപ്പോർട്ട് തൊഴിലിനെ കാണുന്നത്. സന്നദ്ധ പ്രവർത്തനങ്ങൾ, ക്രിയാത്മകമായ പ്രവർത്തനങ്ങൾ എല്ലാം ഇതിൽ ഉൾപ്പെടുന്നു. പരിചരണസേവനങ്ങൾ, വേതനം നൽകിയുള്ള പരിചരണസേവനങ്ങൾ, സുസ്ഥിരമായ തൊഴിൽ ഇവയെക്കുറിച്ചെല്ലാം റിപ്പോർട്ട് ചർച്ച ചെയ്യുന്നു. തൊഴിലും മാനവവികസനവും തമ്മിലുള്ള ബന്ധം യാന്ത്രികമല്ല. നിർബന്ധിത തൊഴിലുകൾ മാനവവികസനത്തെ ദോഷകരമായി ബാധിക്കുകയും മനുഷ്യാവകാശങ്ങളെയും അന്തസ്സിനെയും ലംഘിക്കുകയും ചെയ്യുന്നു. കൃത്യമായ തൊഴിൽ നയങ്ങളില്ലെങ്കിൽ അവസരങ്ങളും വേതനങ്ങളും അസന്തുലിതമായിരിക്കും. ഇത് അസമത്വം രൂക്ഷമാക്കുന്നു. തൊഴിൽ മാനവവികസനത്തെ പ്രോത്സാഹിപ്പിക്കണമെങ്കിൽ ഉൽപ്പാദനക്ഷമവും, വേതനദായകവും, സംതൃപ്തി നൽകുന്നതുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന നയങ്ങൾ രൂപപ്പെടണം. തൊഴിലെടുക്കുന്നവരുടെ നൈപുണിവികസിപ്പിക്കുകയും അവരുടെ അവകാശങ്ങളും സുരക്ഷിതത്വവും, ക്ഷേമവും ഉറപ്പുവരുത്തുകയും വേണം. മാന്യമായ തൊഴിൽ അജണ്ട മുന്നോട്ടുവെച്ചുകൊണ്ട് പുതിയൊരു

പ്രവർത്തനരേഖയുടെ ആവശ്യം ഈ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

## മാനവവികസനം എല്ലാവർക്കും (2016)

മാനവവികസനത്തിന്റെ സാർവത്രികതയെക്കുറിച്ചാണ് 2016ലെ റിപ്പോർട്ട് പ്രതിപാദിക്കുന്നത്. മാനവവികസനത്തിന്റെ സാർവത്രികത സാധ്യമാണെന്ന് റിപ്പോർട്ട് അവകാശപ്പെടുന്നു. കഴിഞ്ഞ 25 വർഷങ്ങളിൽ മാനവവികസനത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും മാനവവികസനം ആർജ്ജിക്കുന്നതിന്റെ കാര്യത്തിൽ വ്യക്തികൾക്കും സമൂഹങ്ങൾക്കും രാജ്യങ്ങൾക്കുമിടയിൽ വലിയ അസമത്വം നിലനിൽക്കുന്നുണ്ട്. ചിലർക്ക് മാനവവികസനത്തിന്റെ അടിസ്ഥാന നേട്ടങ്ങളെങ്കിലും നേടാൻ സാധിച്ചുവെങ്കിൽ മറ്റു ചിലർക്ക് അതിനുപോലും സാധിച്ചിട്ടില്ല. അസമത്വം, കാലവസ്ഥാവ്യതിയാനം, പകർച്ചവ്യാധികൾ, കുടിയേറ്റം, സംഘർഷങ്ങൾ, തീവ്രവാദം ഇവയെല്ലാം മാനവവികസനത്തിന്റെ മുന്നോട്ടുപോക്കിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

അതുകൊണ്ടുതന്നെ 2016 ലെ റിപ്പോർട്ട് മാനവവികസനം എങ്ങനെ എല്ലാവർക്കും ഉറപ്പുവരുത്താമെന്ന ചിന്തയാണ് മുന്നോട്ടുവെക്കുന്നത്. ഇപ്പോൾ മാത്രമല്ല ഭാവിയിലും അത് ഉറപ്പാക്കേണ്ടതുണ്ട്. 2030 ഓടെ സുസ്ഥിരവികസനമെന്ന അജണ്ടയിലൂന്നിയതാണ് ഇതിന്റെ പ്രമേയം. ആരൊക്കെ എന്തുകൊണ്ട് മാനവവികസനത്തിന്റെ കാര്യത്തിൽ പിന്തള്ളപ്പെട്ടുപോയി എന്ന് പരിശോധിക്കുന്ന റിപ്പോർട്ട് അഞ്ചു പ്രധാന സന്ദേശങ്ങളാണ് മുന്നോട്ടുവെക്കുന്നത്.

1. സാർവത്രികത മാനവവികസനത്തെ സംബന്ധിച്ച് പരമപ്രധാനമാണ്. മാനവവികസനം എല്ലാവർക്കും സാധ്യമാണ്.
2. വിവിധവിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ ഇപ്പോഴും അടിസ്ഥാന ദുരിതങ്ങൾ മൂലം ബുദ്ധിമുട്ടുകയും ഇവയെ അതിജീവിക്കുന്നതിൽ വലിയ തടസ്സങ്ങൾ നേരിടുകയും ചെയ്യുന്നുണ്ട്.
3. മാനവവികസനം എല്ലാവർക്കും എന്ന ആശയം അപഗ്രഥന സംബന്ധിയായ പ്രശ്നങ്ങളിലും, മൂല്യനിർണ്ണയ പരിപ്രേക്ഷ്യങ്ങളിലും പുനർകേന്ദ്രീകരിക്കുന്നു.

4. നയപരമായ തെരഞ്ഞെടുപ്പുകൾ സാധ്യമാണ്. അത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ടവ നടപ്പിലാക്കുമ്പോൾ എല്ലാവർക്കും മാനവവികസനം നേടാനാകും.

5. ബഹുമുഖമായ പുതുക്കിയ ആഗോള ഭരണക്രമത്തിലൂടെ മാത്രമേ സാർവത്രികമാനവവികസനം സാധ്യമാകൂ.

മനുഷ്യജീവിതത്തിന്റെ സമ്പന്നതയ്ക്കാണ് സമ്പദ്ഘടനയുടെ സമ്പന്നതയ്ക്കല്ല മാനവവികസനത്തിൽ പ്രാധാന്യം. മാനവവികസനത്തിലെ വിടവ് നികത്തുക എന്നത് പ്രധാനമാണ്. അതോടൊപ്പം ഭാവിതലമുറയ്ക്കും സമാനമായതോ കൂടുതൽ മെച്ചപ്പെട്ടതോ ആയ അവസരങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

## മാനവവികസനസൂചികകളും സൂചകങ്ങളും (2018)

മാനവവികസനറിപ്പോർട്ടുകളെ കൂടുതൽ പ്രസക്തമാക്കിയത് അതിലുൾപ്പെടുത്തിയ വികസനസംബന്ധിയായ നൂതനസൂചികകളാണ്. 1990ൽ പ്രസിദ്ധീകരിച്ച ആദ്യ റിപ്പോർട്ടുമുതൽ ഉൾപ്പെടുത്തിവരുന്ന മാനവവികസനസൂചിക അക്ഷരാർത്ഥത്തിൽ ഒരു വിപ്ലവകരമായ തുടക്കമായിരുന്നു. വികസനം എന്നത് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല രാഷ്ട്രം ആർജ്ജിച്ച വിദ്യാഭ്യാസ, ആരോഗ്യസൂചകങ്ങളിലെ നേട്ടങ്ങളും മറ്റു സാമൂഹികനേട്ടങ്ങളും കണക്കിലെടുത്താകണമെന്ന ബദൽ ചിന്ത ഇതോടെ പ്രബലമായി. 2010 ൽ MPI, IHDI, GII എന്നീ സൂചികകളും 2014ൽ GDI ഉം മാനവവികസനറിപ്പോർട്ടിൽ ഉൾപ്പെടുത്തി.

എന്നാൽ സൂചികകളിൽ കാലാനുസൃതമായ മാറ്റങ്ങൾ അനിവാര്യമാണ്. കാരണം, കാലം മുന്നോട്ടുപോകുന്തോറും സുസ്ഥിരത, അസമത്വം തുടങ്ങി നിരവധി പ്രശ്നങ്ങൾ മാനവവികസനം നേരിടുന്നു. ദത്തങ്ങളുടെ ലഭ്യതയിലുണ്ടായ മാറ്റം വിശകലന സങ്കേതങ്ങളിലുണ്ടായ മാറ്റം ഇവയെല്ലാം സൂചികകളും സൂചകങ്ങളും പുതുക്കുന്നതിന് അനുകൂലമാണ്. കണക്കാക്കൽ രീതികളിൽ വരുത്തേണ്ട മാറ്റങ്ങളാണാ റിപ്പോർട്ടിന്റെ പ്രമേയം. മാനവവികസനത്തിന്റെ ഗുണമേന്മ, സ്ത്രീശാക്തീകരണം, പാരിസ്ഥിതിക സുസ്ഥിരത, സാമൂഹിക സാമ്പത്തിക സുസ്ഥിരത തുടങ്ങി നിരവധി വിഷയങ്ങൾ അവയുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യം കണക്കിലെടുത്ത് റിപ്പോർട്ടിലെ സ്റ്റാറ്റിസ്റ്റിക്കൽ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മാനവവികസനത്തിന്റെ 1990 മുതലുള്ള പ്രവണതയും ഈ റിപ്പോർട്ട് വിശകലനം ചെയ്യുന്നു. പലരാഷ്ട്രങ്ങളിലും മാനവ വികസനത്തിലെ വളർച്ച സ്ഥിരമല്ല. സംഘർഷങ്ങൾ, സാമ്പത്തി കമാന്ദ്യം, പകർച്ചവ്യാധി എന്നിവയെല്ലാം മാനവവികസനത്തിന്റെ മുന്നോട്ടുപോക്കിനെ തടസ്സപ്പെടുത്തുന്നു. അസമത്വം മൂലം ആഗോള മാനവവികസനസൂചികയിലെ ശരാശരി നഷ്ടം 20% മാണ്. ആഗോളതലത്തിൽ സ്ത്രീകളുടെ മാനവവികസനസൂചിക പുരുഷൻമാരേക്കാൾ 5.9% കുറവാണ്. വിദ്യാഭ്യാസം, ആരോഗ്യം എന്നിവയിലുള്ള തുല്യതയിലൂടെ മാത്രമേ വികസനം ശരിയായ ദിശയിൽ മുന്നോട്ടുപോകുകയുള്ളൂ. എല്ലാ മനുഷ്യജീവിതവും തുല്യമൂല്യമുള്ളതാണ്. അതുകൊണ്ടുതന്നെ സാർവത്രികത എന്നത് മാനവവികസനത്തിന്റെ കേന്ദ്രബിന്ദുവാണെന്ന് റിപ്പോർട്ട് സമർത്ഥിക്കുന്നു.

വരുമാനത്തിനപ്പുറം, ശരാശരികൾക്കപ്പുറം, ഇന്നിനപ്പുറം: മാനവവികസനത്തിലെ അസമത്വങ്ങൾ 21-ാം നൂറ്റാണ്ടിൽ (2019)

അസമത്വത്തിന്റെ സൂചനകൾ എല്ലായിടത്തുമുണ്ട്. അതു കൊണ്ടുതന്നെ അതിനെ അതീവ ശ്രദ്ധയോടെ കാണേണ്ടതുണ്ട്. ലോകമെമ്പാടുമുള്ള ജനങ്ങൾ, ഏതു രാഷ്ട്രീയവിശ്വാസമുള്ളവ രായാലും അസമത്വം കുറയ്ക്കുന്നതിൽ ശ്രദ്ധാലുക്കളാണ്. മാന വവികസനത്തിന്റെ കാര്യത്തിൽ വളരെ തീവ്രമായ അസമത്വം നിലനിൽക്കുന്നുണ്ട്. അഞ്ചു പ്രധാന സന്ദേശങ്ങളാണ് 2019ലെ റിപ്പോർട്ട് നൽകുന്നത്.

1. മാനവവികസനത്തിൽ ദൂരവ്യാപകമായ അസമത്വം നില നിൽക്കുന്നു. അത്തരം അസമത്വം കുറയ്ക്കുന്നതിലുള്ള നേട്ട ത്തേക്കാൾ തീവ്രമാണത്.
2. പുതിയ തലമുറയിൽപ്പെട്ട അസമത്വങ്ങൾ രൂപപ്പെടുന്നു. അടി സ്ഥാനകാര്യശേഷി നേടിയിട്ടും, അതിനപ്പുറത്തേക്ക് വിക സനമാർജ്ജിക്കുന്നതിൽ അസമത്വം നേരിടുന്നു.
3. അസമത്വങ്ങൾ ജീവിതത്തിലുടനീളം കുമിഞ്ഞുകൂടുന്നു. അത് അധികാര അസന്തുലിതാവസ്ഥയെ പ്രതിഫലിപ്പി ക്കുന്നു.
4. മാനവവികസനത്തിലുള്ള അസമത്വം വിലയിരുത്തുന്ന തിനും അവയെ അഭിമുഖീകരിക്കുന്നതിനും കണക്കുകൂട്ടൽ രീതികളിൽ വിപ്ലവകരമായ മാറ്റം തന്നെ ആവശ്യമാണ്.

5. ഇപ്പോൾ പ്രവർത്തിച്ചു തുടങ്ങുകയാണെങ്കിൽ സാമ്പത്തികശക്തിയിലുള്ള അസന്തുലിതാവസ്ഥ രാഷ്ട്രീയമായി ഉറച്ചുപോകുന്നതിനുമുമ്പ് ഈ അസമത്വത്തെ നമുക്ക് നേരിടാൻ കഴിയും.

വിശകലനത്തിനുള്ള പുതിയൊരു ചട്ടക്കൂട് റിപ്പോർട്ട് രൂപപ്പെടുത്തുന്നു.

- അസമത്വത്തിന്റെ വിലയിരുത്തൽ ആസ്തികൾക്കും വരുമാനത്തിനുമപ്പുറമാകണം
- ദത്തങ്ങൾ ഭാഗികമായ അറിവുമാത്രമാണ് നൽകുന്നത്. ശരാശരികൾ പലപ്പോഴും സംഗ്രഹങ്ങൾ മാത്രമാണ്. അതുകൊണ്ട് കണക്കുകൾക്കപ്പുറമാണ് അസമത്വത്തിന്റെ തീവ്രത എന്ന് തിരിച്ചറിയണം.
- ഇന്നത്തെ പ്രശ്നങ്ങൾ മാത്രമല്ല വരുംതലമുറയുടെ കൂടി കണക്കിലെടുക്കണം. വികസനവും വികസനപ്രശ്നങ്ങളും ഇന്നിന്റെ അതിർത്തിക്കപ്പുറം നിന്നുകൊണ്ട് നോക്കിക്കാണണം.

## അടുത്ത പരിധി: മാനവവികസനവും നരവംശാധിപത്യകാലവും (2020)

മനുഷ്യവംശത്തിന്റെയും അവനധിവസിക്കുന്ന ഭൂമിയുടെയും ചരിത്രത്തിലെ നിർണ്ണായകഘട്ടമാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. മുന്നറിയിപ്പുകൾ പലതരത്തിൽ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. കോവിഡ് മഹാമാരിയാണ് അത്തരത്തിലുള്ള മുന്നറിയിപ്പുകളിൽ ഏറ്റലും പുതിയത്. മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലുകൾ ഭൂമിയെ അസ്ഥിരപ്പെടുത്തുകയും കൂടുതൽ സമ്മർദത്തിലാക്കുകയും ചെയ്യുന്നു. ഈ സമ്മർദ്ദങ്ങൾ സമൂഹത്തിലും പ്രതിഫലിക്കുന്നു. പ്ലാനറ്ററിസിസ്റ്റത്തിന്റെ അസന്തുലിതാവസ്ഥയും സാമൂഹികഅസന്തുലിതാവസ്ഥയും എല്ലാ ജീവജാലങ്ങളെയും ദോഷകരമായി ബാധിക്കുന്നു.

മനുഷ്യൻ ജീവിക്കുന്ന, പ്രവർത്തിക്കുന്ന, സഹകരിക്കുന്ന, സഹവർത്തിക്കുന്ന രീതിയിൽ മാറ്റമുണ്ടാകേണ്ടതുണ്ട്. പ്രകൃതിക്കനുകൂലമായ പുതിയ സാമൂഹികനിയമങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. പ്ലാനറ്ററി പ്രഷർ അഡ്ജസ്റ്റഡ് ഹ്യൂമൻ ഡെവലപ്പ്മെന്റ്

ഇൻഡക്സ് എന്ന പുതിയ മാനകവും പുതുതലമുറവിഷയങ്ങളടങ്ങിയ വിപുലമായ സ്റ്റാറ്റിസ്റ്റിക്കൽ ഡാഷ്ബോർഡും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിലവിലെ പ്രതിസന്ധികൾ പരിഹരിക്കപ്പെടാതെയിരിക്കുമ്പോൾ തന്നെ അനുദിനം പുതിയ പ്രശ്നങ്ങൾ രൂപപ്പെടുന്ന ആശങ്കാജനകമായ കാലഘട്ടത്തിലൂടെയാണ് മനുഷ്യൻ കടന്നുപോകുന്നത്. കാലാവസ്ഥാവ്യതിയാനം പോലുള്ള പ്രശ്നങ്ങൾ പരിഹാരമില്ലാതെ രൂക്ഷമായി തുടരുമ്പോഴാണ് കോവിഡ് മഹാമാരിയെ നേരിടേണ്ടിവന്നത്. പ്രശ്നങ്ങൾക്കുള്ള പരിഹാരംപോലത്തന്നെ പ്രധാനമാണ് പരിഹാരങ്ങൾ പ്രാവർത്തികമാക്കലും എന്ന് റിപ്പോർട്ട് സമർത്ഥിക്കുന്നു.

## ഉപസംഹാരം

എക്കാലത്തും പ്രസക്തമായ പ്രമേയങ്ങളാണ് മാനവവികസനറിപ്പോർട്ടുകൾ കൈകാര്യം ചെയ്തിട്ടുള്ളത്. ഒരോ വർഷത്തെയും ആഗോളസാഹചര്യങ്ങൾ കൃത്യമായി ശ്രദ്ധിച്ച് പ്രമേയങ്ങൾ തെരഞ്ഞെടുക്കുന്നതിൽ യു.എൻ.ഡി.പി. കാണിക്കുന്ന സൂക്ഷമത ശ്രദ്ധേയമാണ്. കാലാവസ്ഥാവ്യതിയാനം, കുടിയേറ്റം, വികസനത്തിന്റെ കണക്കാക്കൽ രീതികൾ, അരക്ഷിതാവസ്ഥ, സുസ്ഥിരത, അസമത്വം എന്നിങ്ങനെ തെരഞ്ഞടുത്ത വിഷയങ്ങളിലധികവും സാമ്പത്തികവികസനത്തേക്കാൾ സാമൂഹികവികസനത്തിന് ഊന്നൽ നൽകുന്നവയായിരുന്നു എന്ന് കാണാം. വരുംകാല വെല്ലുവിളികളിലേക്ക് ദിശാബോധം നൽകുന്നതിൽ മാനവവികസനറിപ്പോർട്ടുകൾ അവതരിപ്പിച്ച പ്രമേയങ്ങൾ വഹിച്ച പങ്കുവലുതാണ്. 2007/08ൽ കാലാവസ്ഥാവ്യതിയാനത്തിന്റെ വെല്ലുവിളികളെ അധികരിച്ച് തയ്യാറാക്കിയ മാനവവികസനറിപ്പോർട്ട് ഇതിനുദാഹരണമാണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ഇന്നത്തെപ്പോലെ ലോകവ്യാപകമായി ആളുകൾക്ക് അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു കാലഘട്ടത്തിലാണ് യുഎൻഡിപി ഇത്തരമൊരാശങ്ക മുന്നോട്ടുവെച്ചത്.

അതുകൊണ്ടുതന്നെ മാനവവികസനറിപ്പോർട്ടുകൾ ലോകമെമ്പാടുമുള്ള നയരൂപകർത്താക്കളെ സംബന്ധിച്ച് വെറുമൊരു റിപ്പോർട്ട് മാത്രമല്ല, ദേശീയ അന്തർദേശീയ വികസനനയങ്ങളും ലക്ഷ്യങ്ങളും രൂപപ്പെടുത്തുന്നതിനും പുതുക്കിനിശ്ചയിക്കുന്നതി

നുമുള്ള മാർഗരേഖകൂടിയാണ്. പ്രസിദ്ധീകരിച്ചു തുടങ്ങിയ വർഷം മുതൽ അതിനു ലഭിക്കുന്ന സ്വീകാര്യത ഇന്നും നില നിൽക്കുന്നു എന്നത് എടുത്തുപറയേണ്ടകാര്യമാണ്. വികസന പ്രശ്നങ്ങൾ പ്രമേയാധിഷ്ഠിതമായി അവതരിപ്പിക്കുന്നതിലൂടെ പൊതുജനങ്ങളെയും, ഭരണാധികാരികളെയും, നയരൂപകർത്താക്കളെയും വികസനപ്രശ്നങ്ങളെയും അവയ്ക്കുള്ള പ്രതിവിധികളെയും ബോധിപ്പിക്കുന്നതിൽ യു.എൻ.ഡി.പി. വിജയിച്ചിട്ടുണ്ട്. അന്താരാഷ്ട്രതലത്തിലുള്ള പല പ്രഖ്യാപനങ്ങളും, വികസനഅജണ്ടകളും മാനവവികസനറിപ്പോർട്ടുകളുടെ പ്രഭാവം മൂലമായിരുന്നു എന്ന് കാണാം.

എന്താണ് വികസനം എന്നതിനേക്കാൾ എങ്ങനെയായിരിക്കണം വികസനം, എങ്ങനെയാവണം അത് നേടേണ്ടത് എന്നതിനാണ് മാനവവികസനം ഊന്നൽ നൽകുന്നത്. ലക്ഷ്യത്തോളം പ്രധാന്യമുള്ളതാണ് അതിലേക്കുള്ള കൃത്യമായ വഴികളും. അതോടൊപ്പം മാനവവികസനത്തെ പ്രതികൂലമായി ബാധിക്കുന്ന പഴയതും പുതിയതുമായ വെല്ലുവിളികളെക്കുറിച്ചും ഈ റിപ്പോർട്ടുകൾ ചർച്ചചെയ്യുന്നുണ്ട്. മനുഷ്യകേന്ദ്രീകൃതമായ വികസനം എന്ന ആശയത്തിലധിഷ്ഠിതമായി തയ്യാറാക്കി തുടങ്ങിയ മാനവവികസനറിപ്പോർട്ട്, പിന്നീട് മനുഷ്യാധിപത്യത്തിന്റെ അപകടങ്ങളെ ശ്രദ്ധയിലേക്കു കൊണ്ടുവന്നു എന്നതുതന്നെ മാനവവികസന റിപ്പോർട്ട് എന്ന മാർഗരേഖയുടെ ഗുണമേന്മയേയും വിശ്വസനീയതയെയും കാണിക്കുന്നു.

## കുറിപ്പ്

*കെ. എൻ. രാജ് ഫെല്ലോഷിപ്പിന്റെ ഭാഗമായി, 1990 മുതൽ 2020 വരെ യു.എൻ.ഡി.പി. പ്രസിദ്ധീകരിച്ചിട്ടുള്ള മാനവവികസനറിപ്പോർട്ടുകളുടെ പ്രമേയപരമായ വിശകലനം എന്ന വിഷയത്തിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.*

## ആധാരസൂചി

Malik, K. The Rise of the South: Human progress in a diverse world. United Nations Development Programm, 2013.

UNDP (Ed.). Sustainabiltiy and equtiy: A better future for all. Palgrave Macmillan, 2011.

UNDP (Ed.). Sustaining human progress: Reducing vulnerabilities and building resilience. United Nations Development Programme, 2014.

UNDP (Ed.). Beyond income, beyond averages, beyond today: Inequalities in human development in the 21st century. United Nations Development Programme, 2019.

UNDP (Ed.). The next frontier: Human development and the Anthropocene. United Nations Development Programme, 2020.

United Nations (Ed.). Human development report 1990. Published for the United Nations (New York) Development Programme. Oxford Univ. Pr., 1990.

United Nations Development Programme. (2016). Human Development Report 2015: Work for human development. UN. https://doi.org/10.18356/ea1ef3b1-en

United Nations Development Programme. (2017). Human Development Report 2016: Human Development for Everyone. UN. https://doi.org/10.18356/b6186701-en